*"ഭരണഭാഷ - മാതൃഭാഷ"*


ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com


നം.ഇ5/10500/2013/സിഇ/തസ്വഭവ

തീയതി : 07.02.2014

## സർക്കുലർ

വിഷയം:- ജീവനക്കാര്യം - തസ്വഭവ - രണ്ടാംതരം ഓവർസിയർമാരുടെ നിയമനം - പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 01-10-2013, 31-01-2014 - തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.
2. 07-10-2013 - ലെ ഇതേ നമ്പർ സർക്കുലർ

...........

കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ 14-12-2010-ാം തീയതി മുതൽ നടത്തിയിട്ടുള്ള നിയമന ശുപാർശകൾ പ്രകാരം നിയമിതരായിട്ടുള്ള എല്ലാ ജീവനക്കാരുടെയും സർവീസ് വെരിഫിക്കേഷൻ കേരള പബ്ലിക്ക് സർവീസ് കമ്മീഷനിൽ നടത്തിയശേഷം ടി ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. പ്രസ്തുത വെരിഫിക്കേഷൻ സർട്ടിക്കറ്റ് ലഭ്യമായിട്ടുള്ള എല്ലാ രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെയും നിയമനം ടി ഉദ്യോഗസ്ഥരുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ചിട്ടുള്ള മുറയ്ക്ക് ഈ ഓഫീസിൽ നിന്നും സൂചന (1) പ്രകാരം ക്രമവത്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം നിയമനം ക്രമവത്കരിച്ചിട്ടുള്ളതും പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയിട്ടുള്ളതുമായ രണ്ടാം ഗ്രേഡ് ഓവർസീയർ മാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനുള്ള അപേക്ഷ ഉചിത മാർഗേണ ഈ ആഫീസിൽ സമർപ്പിക്കുവാൻ സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവുകളും സർക്കുലറും ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ അപ്രകാരം നിയമനം ക്രമവത്കരിക്കപ്പെട്ടിട്ടില്ലാത്ത രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഈ ആഫീസിൽ സമർപ്പിക്കപ്പെടുന്നതു മൂലം ആയത് മടക്കി അയയ്ക്കേണ്ടിവരുന്നു. ഇത്തരത്തിൽ ജീവനക്കാരുടെ സമയവും തപാൽ ചെലവും പാഴാകുന്നുണ്ട്.

ആയതിനാൽ 14-12-2010 മുതലുള്ള നിയമന ശുപാർശ പ്രകാരം ഈ വകുപ്പിൽ നിയമിതരായിട്ടുള്ള രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ നിയമനം ക്രമവത്കരിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവു പുറപ്പെടുവിച്ചതിനുശേഷം മാത്രമേ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനുള്ള അപേക്ഷ ഈ ആഫീസിൽ സമർപ്പിക്കുവാൻ പാടുള്ളു എന്ന് കർശനമായി നിർദേശിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എൻജിനീയർ

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും
നിയന്ത്രണാധികാരികൾക്കും - വെബ്സൈറ്റ് മുഖേന